പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2250 — 05.12.2018 ൽ മറുപടിക്ക്

## ഡയാലിസിസ് യൂണിറ്റുകൾ

| | ചോദ്യം<br>ശ്രീ.സജി ചെറിയാൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ജില്ലാ-താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ 43 ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ട്. ഇതു കൂടാതെ കിഫ് ബി പദ്ധതി പ്രകാരം 44 സ്ഥാപനങ്ങളിൽ ഡയാലിസ്സിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളിൽ 25 സ്ഥാപനങ്ങളിൽ ഡയാലിസിസ് പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്. 2018-2019 പ്ലാൻ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് തുക അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ടി തുക നാഷണൽ ഹെൽത്ത് മിഷനും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിനും കൈമാറിയിട്ടുമുണ്ട്. |
| (ബി) | ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | കിഫ് ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. Hightension electricity connection ലഭ്യമാക്കി എത്രയുംപെട്ടെന്ന് പ്രവർത്തനം തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് പ്രവർത്തിപ്പിയ്ക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ